**പുതിയ കണ്ടെത്തലുമായി അമൃതയിലെ ഗവേഷകർ**

# കണ്ണുകൊണ്ട് സംസാരിക്കാൻ നേത്രവാദ്

**കരുനാഗപ്പള്ളി:** കണ്ണിന്റെ ചലനങ്ങൾ ഉപയോഗിച്ച് ആശയവിനിമയം സാധ്യമാക്കുന്ന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത് അമൃത വിശ്വവിദ്യാപീഠം അമൃതപുരി ക്യാമ്പസിലെ ഗവേഷകർ.

നേത്രവാദ് എന്ന പേരിട്ടിരിക്കുന്ന ഉപകരണം തയ്യാറാക്കിയത് അമൃതപുരി ക്യാമ്പസിൽ പ്രവർത്തിക്കുന്ന ഹ്യൂമാനിറ്റേറിയൻ ടെക്നോളജി ലാബ്സിലെ (ഹട്ട് ലാബ്സ്) ഡോ. രാജേഷ് കണ്ണൻ മേഘലിംഗത്തിന്റെ നേതൃത്വത്തിലാണ്.



ഡോ. രാജേഷ് കണ്ണൻ മേഘലിംഗം

ശരീരം തളർന്നുപോയവർക്കും മറ്റു സംസാരവൈകല്യങ്ങൾ ഉള്ളവർക്കും കണ്ണിന്റെ ചലനങ്ങൾ കൊണ്ട് ആശയവിനിമയം സാധ്യമാക്കുന്ന വിധത്തിലാണ് പ്രവർത്തനം. കണ്ണിന്റെ ചലനം വിശകലനം ചെയ്ത് വാക്കുകളാക്കി സ്ക്രീനിൽ കാണിക്കുകയും സ്പീക്കറിലൂടെ പുറത്തു പറയുകയും ചെയ്യുന്ന എഐ അൽഗോരിതമാണ് ഉപകരണത്തിന്റെ പ്രധാന ഭാഗം.

ക്യാമറ, മോണിറ്റർ, സ്പീക്കർ, കൺട്രോൾ പാനൽ, ചാർജ് ചെയ്ത് ഉപയോഗിക്കാവുന്ന ബാറ്ററി എന്നിവയടങ്ങുന്നതാണ് ഉപകരണം. വിദേശരാജ്യങ്ങളിൽ ലഭ്യമാകുന്ന ഇത്തരം ഉപകരണങ്ങളേക്കാൾ ചെലവ് കുറഞ്ഞതാണ് എന്നതും നേത്രവാദിന്റെ സവിശേഷതയാണ്. ടിവ്ലു എച്ച് എന്ന സ്റ്റാർട്ടപ്പ് കമ്പനിയാണ് നേത്രവാദിന്റെ ഉത്പാദനം കൈകാര്യം ചെയ്യുന്നത്. അമൃത വിശ്വവിദ്യാപീഠം ഹട്ട്ലാബ്സിന്റെ നേതൃത്വത്തിലുള്ളതാണ് ഈ സ്റ്റാർട്ടപ്പ് കമ്പനി.